ത്തെനിലയിലുള്ള കൃഷിസമ്പ്രദായംമാത്രം വെച്ചുകൊണ്ടിരുന്നാൽ നമ്മൾക്കു വികസിക്കുവാൻ കഴിയുകയില്ല. അതല്ല ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം ഗ്രാമജീവിതത്തിന്റെ അടിത്തട്ടിൽനിന്നു പുറപ്പെടുന്ന ഒരു പ്ലാനാണു വേണ്ടതു്. മുകളിൽനിന്നുള്ള ചില സങ്കല്പങ്ങൾ വെച്ചുകൊണ്ടുള്ള ഒരു പ്ലാനല്ല ആവശ്യം.

ഗവർമ്മേണ്ടു ഒരു വിപുലമായ പദ്ധതി സ്വീകരിച്ചു അതനുസരിച്ചു പ്രവൃത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുവാൻ സഭയുടെ സമ്മതം അഭ്യർത്ഥിക്കുന്നു.

Cut Motion, by leave, withdrawan

CUT MOTION No. 33

Prohibition on cutting mango trees, etc.—Lifting of

Mr. P. Mani *(Kanayannur)*: To reduce the allotment of Rs. 3,45,510 for Agriculture in Demand No. 2 A by Re. 1. *To impress upon the Government the necessity of lifting the prohibition on cutting Mango and Jack trees by the owners.* സർ, മാവു്, പ്ലാവു് മുതലായ വൃക്ഷങ്ങൾ മുറിച്ചുകൂടെന്നുള്ള നിയമം നടപ്പിൽ വന്നതിനുശേഷം ഗവമ്മെണ്ടിന്റെ അനുവാദത്തോടുകൂടി ആവക വൃക്ഷങ്ങൾ മുറിച്ചിട്ടുള്ളതിന്റെ കണക്കറിയുന്നതിനുവേണ്ടി ഞാൻ ചില ചോദ്യങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. പക്ഷെ അതിനുള്ള മറുപടി എന്താണെന്നുള്ളതു് ഇതേവരെ എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. ഏകദേശം ൫൦,൦൦൦ മാവുകളോളം ഈ നിയമം നടപ്പിൽ വരുത്തിയതിനുശേഷം മുറിച്ചു പോയിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. എന്നാൽ ഈ നിയമം ഉണ്ടാകുന്നതിനുമുമ്പു് ഇതു അധികം മാവു്, പ്ലാവു് മുതലായ വൃക്ഷങ്ങൾ മുറിച്ചിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. അതിന്റെ കാരണമെന്താണെന്നുവെച്ചാൽ തടിയുടെ ആവശ്യം വർദ്ധിക്കുകയും അതനുസരിച്ചു അതിന്റെ വില കൂടുകയും ചെയ്തപ്പോൾ ആളുകൾക്കു അതു മുറിച്ചു വില്ക്കുവാനുള്ള ആഗ്രഹം വർദ്ധിച്ചുവെന്നുള്ളതാണു്. മുറിക്കുന്നതിനു അനുവാദം മേടിക്കണമെന്നുണ്ടു്. അനുവാദം കിട്ടുന്നതിനു അപേക്ഷയോടുകൂടി കടലാസ്സു മേശപുറത്തുനിന്നും പറന്നുപോകാതിരിക്കുവാൻ ഒരു ഭാരംകൂടി വെക്കണമെന്നേയുള്ളൂ. ആ ഭാരം വെച്ചുകൊടുത്താൽ അപേക്ഷയിൽ പറയുന്ന ഏതു മാവും, പ്ലാവും കായഫലമില്ലാത്തതാണു്, അതുകൊണ്ടു് അതു മുറിക്കുന്നതിനു വിരോധമില്ല എന്നെഴുതും. അതനുസരിച്ചു അനുവാദവും കിട്ടും. ഈ അനുവാദത്തിനു അയച്ചിട്ടുള്ള അപേക്ഷകളിൽ ആവശ്യപ്പെട്ടിട്ടുള്ളതിനേക്കാൾ കൂടുതൽ മരങ്ങൾ മുറിക്കുന്നതിനു അനുവാദം കൊടുത്തിട്ടുണ്ടെന്നു പറയാവുന്നമട്ടിൽ അത്രത്തോളം മരങ്ങൾ മുറിച്ചുപോയിട്ടുണ്ടു്. എന്നാൽ ഇനി എന്താണു് ഈ നിയമത്തിന്റെ ആവശ്യമെന്നു ഞാൻ ചോദിക്കുന്നു. അതു എടുത്തു കളയാൻ പാടില്ലെ? ഇതെടുത്തു കളഞ്ഞാൽ ഒരു ദോഷമുള്ളതു ഏതാനും ചില ഉദ്യോഗസ്ഥന്മാരുടെ ബാങ്കു് എക്കൌണ്ടു വർദ്ധിക്കാതിരിക്കുമെന്നു മാത്രമാണു്. അതുകൊണ്ടു് ദയവായി കൈക്കൂലി വർദ്ധിപ്പിക്കുന്നതിനുള്ള സൌകര്യമുണ്ടാകത്തക്ക ഈ വക നിയമം രാജ്യത്തുനിന്നു എടുത്തുകളഞ്ഞു സാധുക്കളായ കർഷകരെ സഹായിക്കണമെന്നാ അപേക്ഷയോടുകൂടി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

Mr. M. K. Raja *(Mulakunnathukavu)*: Mr. President, Sir. I wish to support the cut motion which has been tabled by the Hon'ble Member for Kanayannur. I support it, Sir, for two reasons. Firstly from the point of view of the agriculturists and the land owners themselves. There have been a lot of complaints, Sir, of late, that agriculturists and small land owners have been experiencing a lot of difficulty in getting permission to cut down the trees mentioned in the cut motion. They have been unnecessarily placed at the tyranny and sweet will of petty village officers who have their own reasons perhaps for refusing permits when they are applied for.

Mr. A. Madhava Prabhu *(Diwan Peishkar)*: I do not think the village officers have anything to do with this or my department has anything to do with this.

Mr. M. K. Raja *(Mulakunnathukavu)*: Even though I may absolve the Revenue Department from this, it is clear there must be somebody who is responsible for that. In any case I do not see any reason why small land owners should be pleased at the mercy of the petty village officers or whoever is responsible for issuing the permits. Due to the great increase in the price of timber and fire-wood it is only natural that the owners of these trees would want to cut down and sell them at prices which would be far more advantageous to them than in the past. And if this restriction is removed I think, it will, at least to some extent go to the alleviation of the

LIBRARY ARCHIVES Kerala Legislative Assembly

economic hardship which these agriculturists are growning under. I do concede, Sir, a possible objection that might be raisd against the removal of the present restriction on the ground that when permits are issued indescriminately and if indescriminate cutting of trees is resorted to..

Mr. Deputy President: Order, order. I am afraid the House is being disturbed by too loud consultations in the House.

Mr. M. K. Raja *(Mulakunnathukavu):* Sir, is it from this side or from the other side the Treasury Benches, Sir ?

Mr. Deputy President : I did not specifically say from which side it comes. But it does come.

Mr. M. K. Raja *(Mulakunnathukavu):* This indescriminating cutting down of these trees might send the prices up very much. But I beg to differ on that point of view. It would be profitable here to make a comparison of prices of mangoes and jack fruits in British Malabar with those obtaining in the Cochin State. To the best of my knowledge, these restrictions which are found on the Statue Book of Cochin do not find a place in the Defence of India Rule or in the other Statues which are obtaining in British Malabar today. But I find that the prices in British Malabar are in no way higher or substantially different from which are obtaining in Cochin State today. Therefore, in view of the easing of the food situation claimed by the Food Member, and in view of the fact that there is no possibility of prices going up again there should be absolutely no objection for removing the restrictions for cutting down the trees mentioned in the cut motion. Even if the prices go a bit higher the advantage will all be to the agriculturists themselves. Therefore, I would urge the Treasury Benches to consider the situation in view of the cut motion moved here, and remove the restriction on cutting off trees.

* മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : സർ, എൻറെ ബെഹ്മാന്യ സ്നേഹിതൻ ബ്രിട്ടിഷ് മലബാറിലെ ഡിഫെൻസ് റൂൾസിൽ ഇങ്ങിനെ ഒരു നിയമമില്ലെന്നു പറഞ്ഞു. എന്നാൽ കൊച്ചിയിലെ നിയമങ്ങളിൽ ഇതു വന്നതെന്നിട്ടുണ്ട്. ഇതു കൊണ്ടുവന്നതിൽ എനിക്കാക്ഷേപമില്ല. ക ക ക വ മേടത്തിലാണ് ഇതു കൊണ്ടുവന്നതു്. അന്നു നമ്മുടെ ഭക്ഷണസ്ഥിതി, വളരെ പരിതാപകരവും, ഞാൻ മയത്തിനുകൂടി ഇടയുണ്ടാക്കീട്ടുള്ളതുമാണ്. ആ പരിതഃസ്ഥിതിയിൽ ഭക്ഷണസാധനങ്ങൾ നിയന്ത്രിക്കുന്നതിൽ ഇതുംകൂടി ഉൾപ്പെട്ടുത്തുകയാണ് ചെയ്തതു്. എന്നാൽ ഇപ്പോൾ ഭക്ഷണക്ഷാമം തിരെ മാറിയിട്ടുണ്ടെന്നാണ് ഫുഡ് ഡിപ്പാർട്ടുമെന്റ് അഭിമാനം കൊള്ളുന്നതു്. അപ്പോൾ ഇതു വേണ്ടെന്നുമയത്തു ചെയ്യു ; അല്ലാത്ത സമയത്തു ഇതു ആവശ്യവുമില്ല എന്നുള്ള നിലയിൽ ഗവൺമെന്റിൻറെ ബുദ്ധി മന്ദം തിരിക്കുവാൻ വേണ്ടിയാണ് ഈ അവസരത്തിൽ ഈ നിയമം ആവശ്യമില്ലെന്നു ഈ ഉപക്ഷേപം അവതരിപ്പിക്കുവാൻ ഇടയായതു്.

വേറെ ഒരു സംഗതി എനിക്കു പറയുവാനുള്ളതു ഈ വൃക്ഷങ്ങൾ മുറിക്കുന്നതിനുള്ള അപേക്ഷ അഗ്രികൾച്ചറൽ ഇൻസ്പെക്ടർമാരാണ് അനുവദിക്കേണ്ടതു എന്നുള്ളതാണ്. അദ്ദേഹം ഇതനുവദിച്ചു തരണമെങ്കിൽ ഒരു മരുന്നു ചെയ്യേണ്ടതുണ്ട്, അതു അനുഭവസ്ഥന്മാർക്ക് ധാരാളം അറിയാം.

മിസ്റ്റർ കെ. എസ്. പണിക്കർ : അനുഭവമുണ്ടോ?

മിസ്റ്റർ പി. മാണി : ഉണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ആ മരുന്നു കൊടുത്തില്ലെങ്കിൽ ആവശ്യമുള്ള സമയത്തു മരം വെട്ടുവാൻ സാധിക്കുകയില്ല.

ഇനി എന്താണ് ഈ നിയമം എന്നു നോക്കാം. മാവു മുതലായ വൃക്ഷങ്ങൾ മുറിക്കുവാൻ പാടില്ല. അതെങ്കിലും മുറിച്ചാൽ എന്താണ് ശിക്ഷ എന്നുവെച്ചാൽ മരം മുറിച്ചവനെ ശിക്ഷിക്കും, മരം വാങ്ങിയവനു ശിക്ഷയില്ല. ഇങ്ങിനെയുള്ള ഒരു കേസ്സിനു ഹാജരാകുവാൻ എന്നെ പ്രേരിപ്പിച്ചു വക്കീലന്മാരുണ്ട്. ആ കേസ്സിനു എനിക്കു ഹാജരാകാതിരിക്കാൻ നിവൃത്തിയില്ല. ആ കേസ്സു വിട്ടം എന്നു എനിക്കറിയാം. കാരണം നിയമപ്രകാരം അയാളെ ശിക്ഷിക്കുന്നതിനു ന്യായമില്ല. നിയമമറിഞ്ഞു പെരുമാറുവാൻ തക്ക ബോധമുള്ള ഒരു മജിസ്ട്രേട്ടാണ് അവിടെയുള്ളതു്.

Mr. Deputy President : Those extraneous matters need not come in here.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : Yes, Sir, അതുകൊണ്ട് ഈ നിയമത്തിനു അർത്ഥമില്ല. നാട്ടുപുറങ്ങളിലുള്ള ഹിന്ദുക്കൾക്കു അവസാനകാലത്തു, അതായതു് മരിച്ചു കഴിഞ്ഞാൽ, കാരണമെന്താണെന്നറിഞ്ഞു കൂടാ, മാവിൻറെ വിറകുകൊണ്ടു് സംസ്കരിക്കണമെന്നു ഒരു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പ്രായമുണ്ട്. അതു വെറും മാവിൻ വിറകായാൽ പോരാ, വീടിന്റെ തെക്കു ഭാഗത്തു നില്ക്കുന്ന മാവിന്റെ തെക്കോട്ടുപോയ കൊമ്പു മുറിച്ചു വിറകു വേണം. ഇങ്ങിനെയുള്ള ഒരു കാര്യത്തിനു മാവു വെട്ടുന്നതിനു, പഞ്ചായത്തു പ്രസിഡന്റിനു ഹർജി അയച്ചു. അഗ്രിക്കൾച്ചർ ഇൻസ്പെക്ടരുടെ അടുത്തുപോയി പേപ്പർ പെയിറവ് വെച്ചു കൊടുത്തിട്ടു, കല്പന മേടിക്കണമെന്നു വന്നാൽ അതിന്റെ സ്ഥിതിയെന്താണെന്നു ഒന്നാലോചിക്കേണ്ടിയിരിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മൻക്കൂട്ടി കല്പന വാങ്ങിവെക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അങ്ങിനെയാണെങ്കിൽ അതു വാങ്ങിക്കൊള്ളാം. അനുവാദം മേടിക്കുന്നതിന്റെ ഫലമെന്താണ്. അതിനുള്ള ഉദ്യോഗസ്ഥന്മാർ സാധാരണയായി വലിയ ശമ്പളമുള്ള ആളുകളല്ല. അവരുടെ അടുത്തു സ്വർണ്ണാഭരണങ്ങൾ കൂടിക്കൂടി വരുന്നു. വെറുതെ കിട്ടുന്ന പണമല്ലെ? എങ്ങിനേയെങ്കിലും ചെയ്തുകളയാമല്ലൊ. സ്വർണ്ണമൊട്ടുമില്ലാതിരുന്ന ആളുകളുടെ മേൽ ഇപ്പോൾ സ്വർണ്ണം വന്നു കയറിയിരിക്കും. അപ്പോൾ അവരുടെ ആ ഒരു നില രക്ഷിക്കണമെന്നുണ്ടെങ്കിൽ ഗവൺമെന്റ് ഈ നിയമം എടുത്തു കളയേണ്ടതു്. അതു സാദ്ധ്യമല്ലെങ്കിൽ ഇതു വിശദം ചെയ്യണം. തീയ്യരും ഇതിന്റെ ശവസംസ്കാരം അടുത്തിരിക്കുന്നു.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ട്, സർ, പ്ലാവ്, മാവ് മുതലായവ മുറിക്കരുതെന്നു കല്പനയായിട്ടുള്ളതു് എഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിൽനിന്നല്ലും; ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഗ്രൂപാഡ്യേയനുസരിച്ചു് ഗവൺമെണ്ടിൽനിന്നാണ് ഓർഡറായിട്ടുള്ളതു്. മരം മുറിക്കുന്നതിനുള്ള അപേക്ഷ എഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിനു കിട്ടിയാൽ അതു് പഞ്ചായത്തുകാക്കു അയച്ചുകൊടുക്കും. മുറിച്ചുകളയുവാൻ പാടുള്ളതാണ് അപേക്ഷയിൽ പറഞ്ഞിട്ടുള്ള വൃക്ഷങ്ങളെന്നു പഞ്ചായത്തുകാർ പറഞ്ഞാൽ മുറിക്കുവാൻ അവർ അനുവാദം കൊടുക്കുന്നു. ഇങ്ങിനെയാണ് ഈ നിയമം നടന്നുവരുന്നതു്. സ്വർണ്ണവും വെള്ളിയും കണ്ടിട്ടില്ലാത്ത ആളുകൾ സ്വർണ്ണവും വെള്ളിയും കാണുന്നുണ്ടെന്നുപറഞ്ഞതു് ഇതിൽതന്നെയല്ല അതുപലതിലും ഉണ്ടു്. മാവ്, പ്ലാവു് മുതലായവയുടെ ഫലങ്ങൾ ക്ഷണത്തിനു പറ്റിയ സാധനങ്ങളാണെന്നു് ഏവരും സമ്മതിക്കുന്നുണ്ടു്. ഈക്കൊല്ലം ക്ഷണക്ഷാമമെല്ലാം തീർന്നു എന്നു ആരും കണക്കാക്കേണ്ടതില്ല. ചക്കയും മാങ്ങയും യഥാം കഴിഞ്ഞാലും വേണം. അവയെല്ലാം മുറിച്ചുപോയിക്കഴിഞ്ഞാൽ യഥാനന്തരം ഈവക സാധനങ്ങൾ നമുക്കു കിട്ടാതെവരും. എന്നുതന്നെയല്ലാ മരത്തിനു വലിയക്ഷാമം വരുവാൻപോകുന്നു. പുരപണിക്കു മരം കിട്ടാത്തമാതിരിയാണ്കാണുന്നതു്. മലയിൽ മുളച്ചുവരുന്നതുതന്നെയെങ്കിലും അവനവന്റെ പറമ്പിലുള്ളതു് വില്ലാമെന്നുവെച്ചു മരിച്ചാൽ ഹിന്ദുക്കളുടെ ശവദഹനത്തിനു വിറകുവേണം. ആ വിറകു് മാവിൻവിറകായിരിക്കണമെന്നുണ്ടു്, വിറകിനെ അപേക്ഷിച്ചു് മാവിൻവിറകു് പച്ചയോടുകൂടിതന്നെ കത്തുന്നതുകൊണ്ടാണ് മാവിൻവിറകു് ദഹനത്തിനുപയോഗിക്കുന്നതെന്നാണ് സാധാരണ പറയുന്നതു്. ഈ ഒരാവശ്യത്തിനു മാവു് മുറിച്ചെടുക്കുവാൻ ഗവൺമെണ്ടു് അനുവദിച്ചിട്ടുള്ളതുമാണ്. അതിനു പ്രത്യേകം അനുവാദം വേണ്ട.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെവിടെ പറഞ്ഞിരിക്കുന്നു?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്.

മിസ്റ്റർ എം. ശിവരാമമേനോൻ: കൊമ്പുമുറിക്കാമെന്നു പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ദഹനത്തിനു തടിയുടെ വിറകു വേണമെന്നില്ല. കൊമ്പിന്റെ വിറകുമതി. അതുകൊണ്ടു് ഓർഡർവെച്ചുകൊണ്ടിരിക്കണമെന്നല്ല ഞാൻ പറയുന്നതു്. യഥാനന്തരമുണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു പരിചിന്തനം ചെയ്തിട്ടുവേണം നിയമമെടുത്തുകളയണമെന്നു ധൈര്യം പറയുവാൻ. അതുകൊണ്ടു് ഈ നിയമത്തിന്റെ നിലനിൽപു് കുറേക്കാലത്തേക്കുകൂടിയുണ്ടായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

റാവു സാഹിബു് കെ. അയ്യപ്പൻ: സർ, ഈ കട്ട്മോഷന്റെ ഉദ്ദേശത്തെപ്പറ്റി ചില മെമ്പറന്മാർ സംസാരിച്ചുകൂട്ടത്തിൽ രണ്ടു പ്രധാനസംഗതികളെക്കൂടി കുറിച്ചുതായിട്ടു എനിക്കു തോന്നുന്നുണ്ടു്. അതിൽ ഒന്നു് നിയമത്തിന്റെ ആവശ്യകത. മറ്റൊന്നു് നിയമത്തിന്റെ ദുരുപയോഗം. അവതാരകന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു തോന്നിയതു് ഈ നിയമം വളരെ ദുരുപയോഗം ചെയ്യുന്നതുകൊണ്ടു് ഈ നിയമം ശരിയായി ഫല

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

പ്രാപ്തിയിൽ വരുത്തണമെന്നു പറയുന്നതെന്നാണു്. ഏതായാലും ഈ നിയമം ഇവിടെ ആവശ്യമാണൊ അല്ലയോ എന്നാണു് ഇപ്പോൾ നമ്മൾക്കാലോചിക്കാനുള്ളതു്. ഈ നിയമം നടപ്പിൽ വരുത്തിയതിനു രണ്ടു കാരണം ഉണ്ടെന്നാണു പറഞ്ഞതു്. ഒന്നു ഭക്ഷണക്ഷാമംകൊണ്ടു് അതിനെ പരിഹരിക്കാനുള്ള മാർഗ്ഗങ്ങളിൽ ഒന്നായി ഈ മാവുകളെ വെട്ടരുതെന്നുള്ളതാണു്. വേറൊന്നു് ഇപ്പോൾ വില വളരെ കൂടുതലുള്ളതുകൊണ്ടു മരങ്ങൾ മുഴുവനും മുറിച്ചുപോകും. അങ്ങിനെ സംഭവിക്കരുതു് എന്നതാണു്. അങ്ങിനെ മുറിച്ചുതുടങ്ങിയാൽ ഈ മരങ്ങൾ തീരെ ഇല്ലാതെയാകും. വ്യക്തികൾ തൽക്കാലം അവരുടെ ആദായത്തെ ലാക്കാക്കി സമുദായത്തിന്റെ പൊതുവെയുള്ള ഗുണത്തെ നോക്കാതെവരുന്ന അവസരത്തിൽ ഗവൺമെണ്ടിനു വ്യക്തികളുടെ സ്വാതന്ത്ര്യത്തെ തടയേണ്ടിവരും. അങ്ങിനെയുള്ള ഒരു നിയമമല്ലെ ഇതെന്നു ഞാൻ സംശയിക്കുന്നു. വ്യക്തികളുടെ സ്വാതന്ത്ര്യത്തെമാത്രം ലാക്കാക്കി ഇങ്ങിനെയുള്ള നിയമംപാസ്സാക്കരുതെന്നു പറഞ്ഞാൽ അതുശരിയല്ല. ഈ സംഗതിയിൽ അന്യായമല്ലെന്നു തോന്നുന്ന ഈ നിയമം എടുത്തുകളയണമെന്നു പറയുമ്പോൾ അതിനെപ്പറ്റി ഈ സഭ കക്ഷിഭേദംകൂടാതെ ആലോചിക്കേണ്ടതാണു്. ഈ നിയമം പെട്ടെന്നു എടുത്തുകളയത്തക്ക നിലയിൽ ഭക്ഷണക്ഷാമം ഇപ്പോഴും തീർന്നിട്ടുണ്ടെന്നു പറയാറായിട്ടില്ല. നമ്മൾക്കു കുറെകൂടി ക്ഷമിക്കാം. എനിക്കു ഈ സഭയോടു പറയാനുള്ളതു ഈ കാര്യത്തിൽ ധൃതികൂട്ടാതെ കുറച്ചുകൂടികാത്തിരിക്കാമെന്നാണു്. ഏതായാലും പ്രജാമണ്ഡലം കക്ഷിയോടു പറയാനുള്ളതു ഈ നിയമം ആവശ്യമുണ്ടൊ ഇല്ലയൊ എന്നും, ഈ നിയമംതല്ക്കാലം വേണ്ടെന്നുവെച്ചാൽ വരാവുന്ന ദോഷം എത്രത്തോളമെന്നും കക്ഷിഭേദംകൂടാതെ ആലോചിച്ചു്, ഗാഢമായ പരിചിന്തനത്തിനുശേഷം ഒരു തീരുമാനത്തിൽ എത്തണമെന്നും മാത്രമാണു്.

മിസ്റ്റർ എം. ശിവരാമമേനോൻ: സർ, ഈ പ്രമേയത്തിന്റെ മറുപടിപറയുന്നതിനു മുമ്പു, ചില തെറ്റിദ്ധാരണകൾ തീർക്കുന്നതിനു രണ്ടു വാക്കു് പറയേണ്ടിയിരിക്കുന്നു. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പരുടെ പ്രസംഗത്തിൽ ഈ നിയമം കൂലിക്കാരെ മാത്രം കുറ്റക്കാരാക്കിതീർക്കുന്നു എന്നു പറഞ്ഞുകാണുന്നു. എന്നാൽ അതു ഒരു തെറ്റിദ്ധാരണയാണു്. ഡിഫൻസു് ഓഫ് ഇന്ത്യ റൂൾസിലെ 81 A-ാംവകുപ്പു അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ലെന്നു തോന്നുന്നു. ഈ സംഗതിയിൽ മൂന്നു കക്ഷികളുണ്ടു്. 1. മരം വില്ക്കുന്നവർ, 2. മരം വാങ്ങുന്നവർ, 3. വെട്ടുന്നകൂലിക്കാർ. ഇവരിൽ ആരെയെല്ലാം ശിക്ഷാർഹന്മാരാക്കണമെന്നു ആലോചിച്ചു. മരം വിലക്കു വാങ്ങിയോ അല്ലാതെയോ വെട്ടിക്കുന്നവരെയും വെട്ടുന്നവരേയും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയാൽ മതിയെന്നാണു് തോന്നിയതു്. മരം വില്ക്കാൻ തടയേണ്ട ആവശ്യമില്ല. മരം വെട്ടുവാൻ അനുവാദം വാങ്ങിയ ആൾക്കു് മരം വിലക്കുവാങ്ങി വെട്ടിക്കുന്നതിനു വിരോധമില്ല. അതിനാൽ വില്പനതടയേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ആരുടെ ആവശ്യപ്രകാരം അല്ലെങ്കിൽ ആരുടെ പ്രേരണയിൽ മരം വെട്ടുന്നവോ അവരെല്ലാവരും അതായതു് പ്രേരിപ്പിക്കുന്നവരും വെട്ടുന്ന കൂലിക്കാരും ശിക്ഷാർഹന്മാരായാൽ നീതിന്യായത്തിനു യാതൊരു ദോഷവും വരുന്നതല്ല. കൂലിക്കാർ തനിച്ചു് ആരുടേയും ആവശ്യമില്ലാതെ അവന്റെ വൃക്ഷങ്ങൾ മുറിക്കുകയെന്നതു് അസാധാരണയാണു്. എന്നാൽ ആരുടെയെങ്കിലും ആവശ്യപ്രകാരം അവർ മരം വെട്ടുന്നതയാൽ ആവശ്യപ്പെട്ടവനും കുറക്കാരനാകുന്നതാണു്. 81 A-ാമത്തെ റൂൾ ഇതിനു പര്യാപ്തമാകുന്നു. അതുകൊണ്ടു് ഈ നിയമം കൂലിക്കാരെമാത്രം ബാധിക്കുന്നതാണെന്നു പറയുന്നതിനു അടിസ്ഥാനമില്ല.

മിസ്റ്റർ പി. ടി ജേക്കബ്: പണം മേടിച്ചു കീശയിലിടുന്ന മുതലാളിക്കു കുറവില്ല.

മിസ്റ്റർ എം ശിവരാമമേനോൻ: എല്ലാത്തിനും മുതലാളികൾ വേണമെന്നില്ല. മുതലാളികൾ അല്ലാത്തവരാണു് അധികവും വില്ക്കുന്നവർ. മുതലാളിയോടു വാങ്ങി അതു വെട്ടാൻ വേറെ ആളെ ഏല്പിക്കുകയാണെങ്കിൽ, വേണമെങ്കിൽ അവരെ മൂന്നാളേയും പെടുത്താം.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: സ്വന്തം ആവശ്യത്തിനു മുറിക്കാമോ?

മിസ്റ്റർ എം. ശിവരാമമേനോൻ: സ്വന്തം ആവശ്യത്തിനാണെങ്കിലും വെട്ടാൻ പാടില്ല. പക്ഷെ കൊമ്പു വേണമെങ്കിൽ മുറിക്കാം.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ഏതാണു ആ വകുപ്പു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ശിവരാമമേനോൻ: ഫെ ഫ-ാംവകപ്പ് ശരിയായി വായിച്ചാൽ ആ കേസ്സു വിടുകയില്ല.

മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: ഡിഫൻസ് ഓഫ് ഇന്ത്യാ റൂൾ ഫെ ഫ-ാംവക 8പ്രകാരം ഒരാൾ രാജ്യരക്ഷാനിയമത്തിനു വിരുദ്ധമായി പ്രവൃത്തിക്കണമെന്നു മനസ്സിൽ വിചാരിച്ചുവെന്നു ഒരു പോലീസുദ്യോഗസ്ഥനു തോന്നിയാൽ ആ ആളെ അറസ്റ്റ് ചെയ്യാമോ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇതു അങ്ങിനെയുള്ള കാര്യമല്ല.

Mr. Parambi Lonappen *(Minister for Rural Development):* The restriction as has been mentioned here was first imposed on account of the difficulty of the food situation. Of course, that has imposed to a slight extent. But as has been mentioned by the Hon'ble Member for Cochin-Kanayannur Ezhuva Constituency, you realise that there is a great desire on the part of the owners of these trees to make as much money as possible because the value of the timber has gone up very high.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Is it objectionable ?

Mr. Parambi Lonappen *(Minister for Rural Development):* No. But if indescriminate cutting is allowed the country will be deprived very quickly of a lot of jack-trees and mango-trees. So it is not advisable to allow indescriminate cutting of these trees at present. If the trees are not yielding fruits or if they are decayed or are likely to cause nuisance to the public or private individuals, the cutting of these trees are permitted and has been mentioned by the Hon'ble Member for Trichur-Ezhuva Constituency the authority for recommending the cutting of these trees is the Panchayatdars and the final authority to grant permit is the Agricultural Inspector. But if there is corruption and if it begins at the bottom then it will not be from the Panchayatdars. Any way, I am really sorry to hear from the Hon'ble Members that there is some corruption in this direction. I will try my level best to see that no corruption is allowed to continue at least hereafter, so far as the Agricultural Department is concerned. And so far as the public is concerned, I have no control. Therefore, you will please realise that if the corruption begins at the bottom.....

Mr. P. Govinda Menon *(Ernakulam):* Is it the Hon'ble Minister's suggestion that Panchayatdars are.....?

Mr. Parambi Lonappen *(Minister for Rural Development):* The recommendations begin at the bottom from the Panchayatdars and so if there is any likelihood of corruption it might begin at the bottom. There is a statement in this House that there is corruption in the matter of giving permits for cutting trees and I stated here that the procedure adopted by the department in granting this permit is that the original recommendations come from the Panchayatdars and if there is corruption in granting this permit, probably the corruption starts from the bottom. But I have no control over the individual actions of the Panchayatdars. Therefore I cannot stop the corruption if there is any amongst the Panchayatdars.

Mr. P. Govinda Menon *(Ernakulam):* Mr. President, Sir, no aspersion what-so-ever was made against Panchayatdars ?

Mr. Parambi Lonappen *(Minister for Rural Development):* No. I was explaining to you the procedure adopted by the Department in granting permits. If there is corruption, in the Agricultural Department, as I already stated, I will try to stop it as quickly as possible and I would not allow it to continue.

Mr. P. Narayana Menon *(Trippunittura):* On a point of information. അപ്പോൾ പഞ്ചായത്തുകാരുടെ അഭിപ്രായം അറിഞ്ഞിട്ടേ അനുവാദം കൊടുക്കുവാൻ പാടുള്ളുവെന്ന വ്യവസ്ഥയുണ്ടോ?

Mr. Parambi Lonappen *(Minister for Rural Development):* That is the procedure adopted.

The Hon'ble Member for Mulanthuruthi stated that about ten thousand trees are allowed to be cut. So far as my information goes it is only eight thousand. That shows that in many cases trees are allowed to be cut when necessity was felt and in the matter of giving permit for the cutting of trees for cremation purposes, as has been explained by the Hon'ble Advocate-General, permit is not necessary for cutting the branches.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അപ്പോൾ ഈ കൊമ്പുകൾ മുറിച്ചു തടിമാത്രം നിറുത്തുന്നതെന്തിനാണ്, മാങ്ങയുണ്ടാകാനാണോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Parambi Lonappen *(Minister for Rural Development):* Only the necessary branches should be cut for the purpose of cremation. Any way the Government is seriously contemplating whether the ban should be continued for a long time and I can assure the House that if there is any specific instance of corruption brought to our notice, we will take action. I can assure the House that Government are seriously contemplating whether it is necessary to continue the ban any longer. As soon as we feel that there is no necessity, Government will withdraw this restriction. But I cannot give you an assurance as to when it will be done. But I can assure the House that it will be done as soon as conditions permit which according to me will not be very long.

മിസ്റ്റർ പി. മാണി: സർ, മാവിന വിലകൂടിയതുകൊണ്ടാണ് മുറിച്ചുപോകുന്നതെന്ന ഒരു വാദം ഇവിടെ കേട്ടു. അതിനെ സംബന്ധിച്ചു പറയാനുള്ളത് ഈ നിയമം ഇവിടെ വരുന്നതിനുമുമ്പു മാവു ഇഷ്ടംപോലെ മുറിക്കാമായിരുന്നു. ഈ നിയമം പാസ്സായി മാവു മുറിക്കുന്നതിനു സാങ്ഷൻ വേണമെന്നു വന്നപ്പോൾ അതു കിട്ടാനുള്ള വിഷമംകൊണ്ടുമാത്രമാണ് മാവിനു വിലകൂടാൻ കാരണമായതു്. യഥാർത്ഥത്തിൽ ഈ "സാങ്ഷൻ" ആണ് വിലകൂട്ടിയതു്. അല്ലാതെ മറ്റു കാരണമൊന്നും അല്ല. അതിനാൽ എത്ര ചില്ലറയായാലും സാങ്ഷൻ മേടിക്കണമെന്ന ആഗ്രഹം ജനങ്ങളിലുണ്ടായി. മുറിക്കാൻ വിരോധമില്ലെന്നുവന്നാൽ വിലയും കുറയും. ഇപ്പോൾ വ, ൦ ൦ ൦ മാവുകൾ മുറിച്ചുപോയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മെംബർ പറഞ്ഞു. ഈ നിയമമില്ലാതെയിരുന്നെങ്കിൽ ഇത്രയധികം മാവുകൾ മുറിച്ചുപോകാൻ ഇടയാകയില്ലായിരുന്നു. എന്നാൽ ഈ മാവു മുറിക്കാനുള്ള അനുവാദം കൊടുക്കുന്നതോടുകൂടി ഒരു പത്തു മാവെങ്കിലും വെച്ചുപിടിപ്പിക്കണമെന്നു നിർബന്ധിക്കുന്ന ഒരു നിബന്ധനകൂടി ഗവൺമെണ്ടു സ്വീകരിക്കേണ്ടതാണ്. ഏതായാലും ഈ നിയമം വെച്ചുകൊണ്ടിരിക്കുന്നതിന്റെ ആവശ്യമൊന്നും ഞാൻ കാണുന്നില്ല.

അതുകൊണ്ടു് ഇതു എടുത്തുകളയാനുള്ള പരിതഃസ്ഥിതി ഉടനെ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടും അതിനുള്ള ഒരു പ്രമേയം ഗവൺമെണ്ടു ഉടനെ സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുംകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Cut Motion, by leave, withdrawn

Demand for Rs. 3,59,325 under "2. Agriculture", is put and carried.

Mr. Parambi Lonappen *(Minister for Rural Development):* Sir, I rise to move Rs. 75 under "2. Agriculture—Cranganur".

Motion put and carried

21. Education—Rs. 37,13,969

Rao Sahib I. N. Menon *(Director of Public Instruction):* Mr. President, Sir, I move that the House be pleased to sanction an allotment Rs. 37,13,969 under "21—Education". In making this request, Sir, I do not propose to make a speech for more than one reason. In the first place, the cut motions that have been tabled by Hon'ble Members give me plenty of opportunities for explaining the position of Government in respect of the major problems of Education associated with these estimates. If I were to make an explanatory statement at this stage I shall be compelled to reiterate all that I have said at the very outset in trying to explain the position of Government in respect of all these cut motions. I, therefore, do not propose to take up the time of this House by making a speech. At the same time I should like to say a word. With regard to the general position adopted by the Government in framing these estimates, Sir, the most important factor in the field of education is the teacher. Upon his intelligence, upon his integrity, upon his industry, depends the quality of the service of education and any proposal designed to improve his equipment, to enlarge his academic freedom or enhance his emoluments are certain to be welcomed both to the Government and to this House. The major portion of these cut motions or a large number at any rate of these cut motions relates to these different spheres of the teacher's existence and to improve his equipment, enlarge his freedom or to enhance his emoluments.

Another very important factor in the field of education particularly with regard to the educational activities in the post-war period is a re-organisation of the substance or the contents of education. We find again a large number of cut motions demanding the introduction of basic education, of the adoption of the Wardha Scheme of education, all of which pertain to the organisation of education with regard to its contents.

LIBRARY ARCHIVES Kerala Legislative Assembly